# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*27 | 03.02.2020-ൽ മറുപടിയ്ക്ക്

### കേന്ദ്രസർക്കാരിൽ നിന്നുള്ള സാമ്പത്തിക പിന്തുണ

| ചോദ്യം<br>ശ്രീ.എസ്.ശർമ്മ<br>,, പി.ടി.എ. റഹീം<br>,, മുരളി പെരുനെല്ലി<br>,, സി.കൃഷ്ണൻ | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | വർഗ്ഗീയ വിപത്തിനെ നിർവീര്യമാക്കുന്ന ബദൽ വികസനത്തെ ശക്തിപ്പെടുത്തുന്നതിനായി സംസ്ഥാനത്തിന് കേന്ദ്രസർക്കാരിൽ നിന്ന് വേണ്ടത്ര സാമ്പത്തിക പിന്തുണ ലഭിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനം അർഹിക്കുന്ന തരത്തിലുള്ള സാമ്പത്തിക പിന്തുണ ലഭിക്കുന്നില്ല |
| (ബി) | സഹകരണാധിഷ്ഠിതമായ ഫെഡറൽ സംവിധാനത്തെ ദുർബലപ്പെടുത്തുന്ന തരത്തിൽ പ്രകൃതി ദുരന്തങ്ങളിൽപ്പെട്ടവർക്കുൾപ്പെടെ സഹായംലഭ്യമാക്കുന്നതിൽ സംസ്ഥാനത്തോട് കാണിക്കുന്ന വിവേചനം അവസാനിപ്പിക്കാൻ ശക്തമായ ഇടപെടൽ ഉണ്ടാകുമോയെന്ന് അറിയിക്കാമോ; | (ബി) | വെള്ളപ്പൊക്കം, ഭൂമികുലുക്കം പോലുള്ള വലിയ തോതിലുള്ള പ്രകൃതി ദുരന്തങ്ങൾ നേരിടുന്ന സംസ്ഥാനങ്ങൾക്ക് വിദേശവായ്പ മുഖേന അധിക കടമെടുപ്പിനുള്ള അനുമതി നൽകണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കേരളത്തിന്റെ പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ, കേരളത്തിനും സമാനമായ സാഹചര്യം നേരിടുന്ന സംസ്ഥാനങ്ങൾക്കും പുനർനിർമ്മാണ പ്രവർത്തങ്ങൾക്കായി അധിക കടമെടുപ്പിനുള്ള അനുമതി നൽകണമെന്ന് ജി.എസ്.ടി കൗൺസിലിലെ മന്ത്രിതല സമിതി ശുപാർശ ചെയ്തിരുന്നു. വലിയ തോതിലുള്ള പ്രകൃതി ദുരന്തങ്ങൾ സംസ്ഥാനങ്ങൾ നേരിടുന്ന സാഹചര്യങ്ങളിൽ അധിക കടമെടുപ്പ് വഴി വിഭവസമാഹരണം സാധ്യമാക്കുന്നതിനായി അനുയോജ്യമായ ഒരു സംവിധാനം രാജ്യത്ത് ആവശ്യമാണെന്നും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ആനുപാതികമായി മറ്റ് സംസ്ഥാനങ്ങളെ പ്പോലെയോ അതിനെക്കാൾ അധികമോ നികുതി വിഹിതം കേന്ദ്രസർക്കാരിന് ലഭ്യമാക്കുന്ന സംസ്ഥാനത്തിന് നിയമപരമായി ലഭിക്കേണ്ട ജനസംഖ്യാനുപാതിക കേന്ദ്ര ഫണ്ടും ജി.എസ്.ടി. വരുമാന കുറവിനുള്ള നഷ്ടപരിഹാരവും മാത്രമല്ല വായ്പയെടുക്കാനുള്ള പരിധിപോലും വെട്ടിക്കുറയ്ക്കുന്നത് തിരുത്തിക്കാൻ ആവശ്യമായ സമ്മർദ്ദം ചെലുത്തി വരുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ 2011-ലെ ജനസംഖ്യ അടിസ്ഥാനമാക്കി ശിപാർശ നൽകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത് (ToR-ലെ എട്ടാം നമ്പർ ഇനം). 2011-ലെ ജനസംഖ്യ അടിസ്ഥാനമാക്കി നികുതി വിഭജനം നടത്തിയാൽ, 1977-ലെ ദേശീയ ജനസംഖ്യ നയം നടപ്പിലാക്കിയ സംസ്ഥാനങ്ങൾക്ക് കേന്ദ്രനികുതി വിഹിതത്തിൽ കുറവുണ്ടാകുമെന്നതു കൊണ്ട് പ്രസ്തുത ToR ഒഴിവാക്കണമെന്നും കൂടാതെ, നിലവിലുള്ള Fiscal Responsibility and Budget Management (FRBM) നിയമത്തിൽ ഭേദഗതി വരുത്തിയാൽ സംസ്ഥാനത്തിന്റെ മൂലധന വികസന ചെലവുകളെ ഗുരുതരമായി ബാധിക്കുമെന്നും, ആയതിനാൽ പതിനഞ്ചാം ധനകാര്യ കമ്മീഷനോട് നിലവിലുള്ള FRBM നിയമത്തിൽ ഭേദഗതി വരുത്തരുതെന്ന് സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.<br>ഇതോടൊപ്പം, ചരക്ക് സേവന നികുതി നടപ്പിലാക്കിയതു വഴി സംസ്ഥാനങ്ങൾക്ക് വരുമാനത്തിലുള്ള കുറവിന്റെ നഷ്ടപരിഹാരമായി 2019 ആഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന 1600 കോടിയോളം രൂപ യഥാസമയം ലഭിക്കുന്നതിൽ ഉണ്ടായിട്ടുള്ള കാലതാമസവും നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി കേന്ദ്രസർക്കാർ വെട്ടിക്കുറച്ചതും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിച്ചുവെന്നത് കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ സാഹചര്യത്തിൽ, ജി.എസ്.ടി വരുമാന കുറവിനുള്ള നഷ്ടപരിഹാരം യഥാസമയം അനുവദിക്കണമെന്നും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ജി.എസ്.ഡി.പി-യുടെ 3% ആയി നിലനിർത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. ഇതിൽ, ജി.എസ്.ടി. വരുമാന കുറവിനുള്ള നഷ്ടപരിഹാരമായി 1597 കോടി രൂപ 16/12/2019-ൽ ലഭിച്ചുവെങ്കിലും കടമെടുപ്പ് പരിധി പുന:സ്ഥാപിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിനോട് കേന്ദ്രസർക്കാർ ഇതുവരെ അനുകൂലമായി പ്രതികരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ